## പണയം വച്ച വസ്തുവിന്മേൽ വായ്പ നല്കിയ ബേങ്കിനേക്കാൾ മുൻഗണനാവകാശം ഇ.പി.എഫ്. അംഗങ്ങൾക്ക്

### മദ്രാസ് ഹൈക്കോടതി

W.P. No. 22826/2019 Dt. 1.11.2019

ഓറിയന്റൽ ബേങ്ക് ഓഫ് കോമേഴ്സ്
x
അസിസ്റ്റന്റ് പി.എഫ്. കമ്മീഷണർ

നിവാ കാസ്റ്റിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. ഇ.പി.എഫ്. വിഹിതം കൃത്യമായി അടച്ചുവന്ന കമ്പനി നഷ്ടത്തിലായപ്പോൾ കുടിശിക വരുത്തി. അപ്രകാരമിരിക്കെ ഓറിയന്റൽ ബേങ്കിൽ നിന്ന് കമ്പനി ആറ് കോടി രൂപ വായ്പയെടുത്തു. വായ്പയെടുത്തിട്ടും കമ്പനി നഷ്ടത്തിൽ നിന്ന് കരകയറിയില്ലെന്നു മാത്രമല്ല വായ്പ തിരിച്ചടക്കാനും കമ്പനിക്ക് സാധിച്ചില്ല. തുടർന്ന് കമ്പനിയിൽ നിന്ന് വായ്പത്തുക തിരിച്ചുപിടിക്കാനുള്ള നടപടികൾ ബേങ്ക് കൈക്കൊണ്ടു. വായ്പ ലഭിക്കാൻ കമ്പനി പണയം വച്ച സ്വത്തുക്കൾ ലേലം ചെയ്ത് വില്ക്കാനാണ് ബേങ്ക് നടപടിയെടുത്തത്. പണയ വസ്തുക്കൾ തൊണ്ണൂറ്റിമൂന്നര ലക്ഷം രൂപയ്ക്കാണ് ലേലം ചെയ്ത് വിറ്റത്. സനീസ് അലോയ്ഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് സ്വത്തുക്കൾ ലേലം ചെയ്ത് വാങ്ങിയത്. നിവാ കാസ്റ്റിങ് എന്ന കമ്പനി അതിന്റെ സ്വത്തുക്കൾ പണയം വയ്ക്കുമ്പോൾ യാതൊരു വിധ ബാധ്യതകളും കുടിക്കട സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരുന്നില്ല. ഉത്തമ വിശ്വാസത്തോടെയാണ് ബേങ്ക് ആ വസ്തുക്കൾ വിറ്റതും സനീസ് അലോയ്ഡ് എന്ന കമ്പനി അത് വാങ്ങിയതും. ഇക്കാര്യങ്ങൾ അറിഞ്ഞ ഇ.പി.എഫ്. കമ്മീഷണർ ബേങ്കിനെ ഇ.പി.എഫ്. കുടിശ്ശികക്കാരനായി പ്രഖ്യാപിക്കുകയും നിവാ കാസ്റ്റിങ് എന്ന കമ്പനിയുടെ കുടിശികയായ മുപ്പത്തിയഞ്ചര ലക്ഷം രൂപ ബേങ്ക് ഇ.പി.എഫ്. ഓർഗനൈസേഷന് നല്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ ബേങ്ക് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പണയം വച്ച വസ്തുവിന്മേൽ വായ്പ നല്കിയ ബേങ്കിനാണ് മുൻഗണനാവകാശമെന്നും ഇ.പി.എഫ്. അധികൃതർക്ക് ബേങ്കിനുമേൽ യാതൊരു അധികാരവുമില്ലെന്നും വായ്പ നല്കിയ ആറ് കോടി രൂപക്കു പകരം പണയ വസ്തു വിറ്റ് ലഭിച്ചത് ഒരു കോടിയിൽ താഴെ രൂപ മാത്രമാണെന്നും ബേങ്ക് ചൂണ്ടിക്കാട്ടി. തൊഴിലാളികൾക്ക് ലഭിക്കേണ്ട പി.എഫ്. തുക ലഭ്യമാക്കിയതിനു ശേഷം മാത്രമേ ബേങ്കിന് അധികാരാവകാശങ്ങളുള്ളൂവെന്ന് ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. ഇ.പി.എഫ്. കുടിശിക വരുത്തിയ കമ്പനിയുടെ വസ്തുവഹകൾ വിറ്റുകിട്ടിയ പണത്തിന് ആദ്യ അവകാശികൾ ഇ.പി.എഫ്. അംഗങ്ങളാണെന്നും അതിനു ശേഷമുള്ള പണത്തിന്മേൽ മാത്രമേ വായ്പ നല്കിയ ബേങ്കിന് അവകാശവാദം ഉന്നയിക്കാനാവൂ എന്നും വിലയിരുത്തിയ ഹൈക്കോടതി ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവയ്ക്കുകയും ഒരു മാസത്തിനുള്ളിൽ മുപ്പത്തിയഞ്ചര ലക്ഷം രൂപ ബേങ്ക് ഇ.പി.എഫ്. ഓർഗനൈസേഷന് നല്കണമെന്നും ലഭിച്ച തുക അർഹതപ്പെട്ട തൊഴിലാളികൾക്ക് രണ്ട് മാസത്തിനുള്ളിൽ നിയമാനുസൃതം വിതരണം ചെയ്യണമെന്നും നിർദ്ദേശം നല്കുകയും ബേങ്കിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.